LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻസ് മാനേജർ

297 (3809) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിലെ ഫിനാൻസ് മാനേജർ നിലവിൽ ഏതെല്ലാം അധിക തസ്തികകളുടെ ചുമതലകൾ വഹിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി യുടെ ധനവിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ധനവകുപ്പിലെ ഒരു സീനിയർ ഉദ്യോഗസ്ഥനെ എഫ്.എ & സി.എ.ഒ ആയി കെ.എസ്.ആർ.ടി.സി യിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻസ് മാനേജർ നിലവിൽ ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെയും ജനറൽ മാനേജരുടെയും അധിക ചുമതലകൾ വഹിക്കുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ

298 (3810) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി ബസ്സുകൾ ബ്രേക്ക്ഡൗണാകുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന ദുരിതം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

കെ.എസ്.ആർ.ടി.സി. ബസുകൾ ബ്രേക്ക് ഡൗൺ ആകുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ മറ്റു ബസുകളിൽ യാത്ര ചെയ്യുന്നതിനുള്ള സംവിധാനം ഉടനടി സ്വീകരിക്കാറുണ്ട്. ടയർ പഞ്ചർ മൂലമുണ്ടാകുന്ന ബ്രേക്ക് ഡൗണുകൾ അറ്റന്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമീപത്തുള്ള സ്വകാര്യ സ്ഥാപനങ്ങളെ കൂടി ആശ്രയിച്ച് എത്രയും വേഗം വാഹനം റെഡിയാക്കി യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ബസുകൾക്ക് ബ്രേക്ക് ഡൗൺ, ആക്സിഡന്റ് എന്നിവമൂലം സർവ്വീസ് മുടങ്ങുവാൻ കഴിയാതെ വന്നാൽ പ്രസ്തുത റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ഏതെങ്കിലും ബസുകൾ അടുത്ത അരമണിക്കൂറിനകം വരാനില്ലെങ്കിൽ മുടർന്നുള്ള യാത്രാക്കൂലി യാത്രക്കാർക്ക് മടക്കി നൽകുന്നുണ്ട്. റീഫണ്ട് ചെയ്യുമ്പോൾ അതുവരെ യാത്ര ചെയ്ത യാത്രാക്കൂലി ഈടാക്കി ബാക്കി തുക നൽകുന്നതിന് പകരം യാത്രക്കാരൻ ടിക്കറ്റ് എടുത്ത സ്ഥലത്തേയ്ക്ക് അതേ തരം ബസിൽ യാത്ര ചെയ്യുന്നതിന് ആവശ്യമായ തുകയാണ് നൽകുന്നത്.

കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

299 (3811) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് അധിക ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഏർപ്പെടുത്തിയ സെസ്സിന്റെ കളക്ഷൻ, വിനിയോഗം എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അവലോകനത്തിന്റെ വിശദാംശം നൽകുമോ;

(സി) സെസ്സ് ഏർപ്പെടുത്തുകയും ഇന്ധനവിലയിൽ കുറവുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി യുടേയും സ്വകാര്യ സർവ്വീസുകളുടേയും യാത്രാ നിരക്കിൽ വ്യത്യാസം വന്നിട്ടുണ്ടോ; എങ്കിൽ എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) യാത്രക്കാർക്ക് അപകട സമൂഹ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതുവഴി ചെറുതും വലുതുമായ അപകടങ്ങൾ ഉണ്ടാകുമ്പോൾ യാത്രക്കാർക്ക് അടിയന്തര ചികിത്സ ഏത് ആശുപത്രിയിലും നടത്തുന്നതിനും ഇപ്പോൾ കഴിയുന്നുണ്ട്. ആയതിന്റെ മുഴുവൻ ചെലവും കെ.എസ്.ആർ.ടി.സി. യാണ് വഹിക്കുന്നത്. പിന്നീട് ഇൻഷ്വറൻസ് കമ്പനി ടി തുക കെ.എസ്.ആർ.ടി.സി.ക്ക് തിരിച്ച് നൽകുന്നതുമാണ് ഇപ്പോൾ നടത്തി വരുന്ന സംവിധാനം. കുമിളിയിൽ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly